**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2949** **13-10-2021 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് പഞ്ചായത്ത് നേരിടുന്ന കടലാക്രമണഭീഷണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കടലോരപഞ്ചായത്തുകളിൽ ഒന്നായ അഴീക്കോട് പഞ്ചായത്ത് നേരിടുന്ന കടലാക്രമണഭീഷണി പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | അഴീക്കോട് ഗ്രാമ പഞ്ചായത്തിൽ നിരന്തര കടലാക്രമണത്തിന് വിധേയമാകുന്ന അഴീക്കൽ പുലിമുട്ടിന് സമീപം 20 ലക്ഷം രൂപ അടങ്കലിൽ 82 മീറ്റർ ദൈർഘ്യത്തിൽ കടൽഭിത്തിയുടെയും 15 ലക്ഷം രൂപ അടങ്കലിൽ 37 മീറ്റർ ദൈർഘ്യത്തിൽ റിട്ടേൺ സീവാളിന്റെയും പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 25 ലക്ഷം രൂപ അടങ്കലിൽ 98 മീറ്റർ ദൈർഘ്യത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി നിർവ്വഹണ ഘട്ടത്തിലാണ്. പള്ളിയാംമൂല മുതൽ നീർക്കടവ് വരെയുള്ള കടൽത്തീരത്തിൽ ഉൾപ്പെടുന്ന മീൻകുന്ന് കടപ്പുറത്ത് കടൽഭിത്തി താഴ്ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താഴ്ന്ന് പോയ കടൽഭിത്തി നവീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പള്ളിയാംമൂല മുതൽ നീർക്കടവ് വരെയുള്ള രണ്ടുകിലോമീറ്റർ വരുന്ന കടൽത്തീരത്ത് കടൽഭിത്തികൾ താഴ്ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നവീകരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (ബി) | അഴീക്കോട് ഗ്രാമ പഞ്ചായത്തിൽ നിരന്തര കടലാക്രമണത്തിന് വിധേയമാകുന്ന അഴീക്കൽ പുലിമുട്ടിന് സമീപം 20 ലക്ഷം രൂപ അടങ്കലിൽ 82 മീറ്റർ ദൈർഘ്യത്തിൽ കടൽഭിത്തിയുടെയും 15 ലക്ഷം രൂപ അടങ്കലിൽ 37 മീറ്റർ ദൈർഘ്യത്തിൽ റിട്ടേൺ സീവാളിന്റെയും പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.. കൂടാതെ 25 ലക്ഷം രൂപ അടങ്കലിൽ 98 മീറ്റർ ദൈർഘ്യത്തിൽ കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി നിർവ്വഹണ ഘട്ടത്തിലാണ്. പള്ളിയാംമൂല മുതൽ നീർക്കടവ് വരെയുള്ള കടൽത്തീരത്തിൽ ഉൾപ്പെടുന്ന മീൻകുന്ന് കടപ്പുറത്ത് കടൽഭിത്തി താഴ്ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താഴ്ന്ന് പോയ കടൽഭിത്തി നവീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ